Draft #103 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 15-Oct-2020 10:10 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം: മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ - സി.എം.ഒ. പോർട്ടൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം - ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4724/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.10.2020

---

*പരാമർശം:-*വൈസ് ചാൻസലറുടെ ഉത്തരവോടു കൂടിയ ഡെപ്യൂട്ടി സെക്രട്ടറിയുടെ 22.09.2020 തീയതിയിലെ സി.എം.സി.സി.-9/157/2020-സി.എം.സി.സി. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രിക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ cmo.kerala.gov.in വെബ് പോർട്ടൽ മുഖേനയാണ് തുടർ നടപടി സ്വീകരിക്കുവാനായി വിവിധ ഓഫീസുകളിലേക്ക് കൈമാറി വരുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയും മേൽ ശൃംഖലയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സി.എം.ഒ. പോർട്ടൽ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് അതതു ജില്ലകളിൽ വെച്ച് പരിശീലനം നൽകി വരുന്നുണ്ട്. ഇതിൻപ്രകാരം CMO പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക്, പോർട്ടൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം, ഓൺലൈനായി നൽകുവാൻ നിശ്ചയിച്ചിരിക്കുന്നു. 2020 ഒക്ടോബർ മാസം ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ സർവ്വകലാശാലയിൽ നിന്നും ഓഫീസ് മേധാവിയോ, പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനോ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യണമെന്ന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതിൻറെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ CMO പോർട്ടൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സർവ്വകലാശാല പ്രതിനിധിയായി രജിസ്ട്രാറുടെ കാര്യാലയത്തിലെ കമ്പ്യൂട്ടർ അസിസ്റ്റൻറായ ശ്രീ. വിനോദ് വി.സി. -യെ നിയോഗിച്ചുകൊണ്ട് സൂചന പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ. വിനോദ് വി.സി., കമ്പ്യൂട്ടർ അസിസ്റ്റൻറ് for n/a.
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം